# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ: 5115 — 04/07/2012 - ൽ മറുപടിയ്ക്ക്

## തുറന്ന ജയിൽ

| ചോദ്യം<br>ശ്രീ. ഇ.കെ. വിജയൻ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) ഏതൊക്കെ കേസിൽ ശിക്ഷിക്കപ്പെട്ടവരെയാണ് തുറന്ന ജയിലിൽ പാർപ്പിക്കുന്നത് ; | (എ) രാജ്യത്തിനെതിരെയും, സായുധസേനാ വിഭാഗങ്ങൾക്കെതിരെയും, കുറ്റം ചെയ്തിട്ടുള്ളവർ, വ്യാജ കറൻസി നിർമ്മാണം, തട്ടിക്കൊണ്ടു പോകൽ, നിർബന്ധിത തൊഴിൽ ചെയ്യിക്കൽ, അടിമപ്പണി ചെയ്യിക്കൽ, ബലാൽസംഗം, പ്രകൃതിവിരുദ്ധ ലൈംഗിക കുറ്റങ്ങൾ , കവർച്ച, കൂട്ടായ്മ കവർച്ച, ഭവനഭേദനം, ചതി, വഞ്ചന തുടങ്ങിയ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർ ഒഴികെ മറ്റു കേസുകളിൽപ്പെട്ടവരെ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് തുറന്ന ജയിലിൽ പ്രവേശിപ്പിച്ചിട്ടുള്ളത്.<br>1) ജയിലിൽ സൽസ്വഭാവികളും, ആരോഗ്യക്ഷമതയുമുള്ള തടവുകാരെയാണ് തുറന്ന ജയിലിലേയ്ക്ക് തിരഞ്ഞെടുക്കുന്നത്.<br>2) 3 വർഷവും, അതിനു മുകളിൽ ശിക്ഷിയ്ക്കപ്പെട്ടിട്ടുള്ളവർ ഇളവടക്കം 3 വർഷം ശിക്ഷ പൂർത്തിയാക്കിയിരിക്കണം.<br>3) 3 വർഷത്തിൽ താഴെ ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ ഇളവടക്കം 2 വർഷം പൂർത്തിയാക്കിയിരിക്കണം.<br>4) N.I.Act, ക്രിമിനൽ നടപടിക്രമം 125 വകുപ്പ് എന്നീ നിയമങ്ങൾ അനുസരിച്ച് ശിക്ഷിയ്ക്കപ്പെട്ടിട്ടുള്ളവർ, ഇളവടക്കം ശിക്ഷയുടെ മൂന്നിലൊന്ന് പൂർത്തിയാക്കിയാൽ മതിയാകും,<br>കൂടാതെ "എ" ക്ലാസ്സ് തടവുകാരെയും തുറന്ന ജയിലിലേക്ക് പാർപ്പിയ്ക്കാവുന്നതാണ്. |

| | |
|---|---|
| (ബി) വ്യവസ്ഥാലംഘനം നടത്തി എത്ര പേർ ഇപ്പോൾ തുറന്ന ജയിലിൽ കഴിയുന്നുണ്ട് ; | (ബി) യും (സി) യും : വ്യവസ്ഥകൾക്ക് എതിരായി ആരേയും തുറന്ന ജയിലിൽ പാർപ്പിച്ചിട്ടില്ല. |
| (സി) വ്യവസ്ഥാലംഘനം നടത്തി തുറന്ന ജയിലിൽ പാർപ്പിക്കുവാൻ ഇടയാക്കിയവർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | |

സെക്ഷൻ ഓഫീസർ